(സി) പോലീസുകാർക്കും ക്യാമ്പ് ഫോളോവർമാർക്കും യൂണിഫോം അലവൻസ് നൽകുന്നതിൽ അന്തരമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ രണ്ടു വിഭാഗത്തിനും ഒരേപോലെ യൂണിഫോം അലവൻസ് നൽകുന്നകാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) പ്രതിവർഷം 750/- രൂപ.

(ബി) ഉണ്ട്. പ്രതിവർഷം 300/- രൂപ.

(സി) ഉണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**63 (2373) പോലീസ് സർക്കിളുകൾ ആരംഭിക്കുവാൻ നടപടി**

ശ്രീ. ടി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പോലീസ് സർക്കിളുകൾ നിലവിലുണ്ട്;

(ബി) പുതിയതായി പോലീസ് സർക്കിളുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 166 പോലീസ് സർക്കിളുകൾ നിലവിലുണ്ട്.

(ബി)&(സി) ഇപ്പോൾ പരിഗണനയിലില്ല.

**64 (2374) മനോജിന്റെ സംശയാസ്പദമായ സാഹചര്യത്തിലെ മരണം**

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്കണ്ടം പോലീസ് സ്റ്റേഷനതിർത്തിയിൽപ്പെട്ട നാൽപ്പതേക്കർ ഭാഗത്ത് 17-12-99-ൽ മനോജ് എന്ന യുവാവ് സംശയാസ്പദമായ സാഹചര്യത്തിൽ മരണപ്പെട്ടതായി കണ്ടെത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത യുവാവിന്റെ മൃതശരീരം പോസ്റ്റുമോർട്ടം നടത്തിയത് ഏത് ആശുപത്രിയിലാണെന്നും പോസ്റ്റുമോർട്ടം റിപ്പോർട്ട് പ്രകാരം മരണകാരണം എന്താണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത യുവാവിന്റെ മരണം കൊലപാതകമാണെന്നും അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കണമെന്നുമുള്ള ആവശ്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly